**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – നൊച്ചാട് ഗ്രാമപഞ്ചായത്ത് - കൊട്ടാരക്കുന്ന് - കുത്താളിപ്പറമ്പ് റോഡ് ടാറിംഗ് - അധിക പ്രവർത്തിയുടെ തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം.2588/2018/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 08/10/2018

---

പരാമർശം:- 1. നൊച്ചാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 14/06/2018 ലെ 2/1 നമ്പർ തീരുമാനം.

2. നൊച്ചാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 15/07/2018 ലെ എ 2-2582/18 നമ്പർ കത്ത്.

3. കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 19/07/2018 ലെ എ 5-8536/18 നമ്പർ കത്ത്.

4. പഞ്ചായത്ത് ഡയറക്ടറുടെ 06/08/2018 ലെ ജെ1-21144/2018 നമ്പർ കത്ത്.

**ഉത്തരവ്**

നൊച്ചാട് ഗ്രാമ പഞ്ചായത്തിലെ കൊട്ടാരക്കുന്ന് - കുത്താളിപ്പറമ്പ് റോഡ് ടാറിംഗ് പ്രവർത്തി 2013-14 വർഷത്തിൽ എം.എൽ. എ യുടെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുകയും ആ സമയത്ത് ഗുണഭോക്താക്കളുടെയും ജനപ്രതിനിധികളുടെയും ആവശ്യം പരിഗണിച്ച് എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത 225 മീറ്റർ ഭാഗം കൂടി അധികമായി ടാറിംഗ് പ്രവൃത്തി നടത്തുകയും ചെയ്തിരുന്നു. എന്നാൽ ടി അധിക പ്രവൃത്തിയുടെ തുക ഗുണഭോക്തൃസമിതി കൺവീനർക്ക് നാളിതുവരെ ലഭ്യമായിട്ടില്ലാത്തതിനാൽ എൽ.എസ്.ജി.ഡി അസി.എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ അധിക പ്രവൃത്തിയുടെ തുകയായ 3,65,434/- രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (1) കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം നൊച്ചാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു. പരാമർശം (4) കത്തിൽ പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യം ശുപാർശ ചെയ്തിട്ടുമുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അസ്സിസ്റ്റന്റ് എഞ്ചിനീയറുടെ വാലേഷന്റെ അടിസ്ഥാനത്തിൽ കൊട്ടാരക്കുന്ന് - കുത്താളിപ്പറമ്പ് റോഡ് ടാറിംഗിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത 225 മീറ്റർ ഭാഗം കൂടി അധികമായി ചെയ്ത പ്രവൃത്തിയ്ക്ക്, ടാക്സ് ഉൾപ്പടെ 3,65,434/- (മൂന്ന് ലക്ഷത്തി അറുപത്തി അയ്യായിരത്തി നാന്നൂറ്റി മുപ്പത്തിനാല് രൂപ) നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനാമോൾ കെ.ജെ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
പ്രസിഡന്റ്/സെക്രട്ടറി, നൊച്ചാട് ഗ്രാമപഞ്ചായത്ത്, ചേനോളി.പി.ഒ, പേരാമ്പ്ര വഴി, കോഴിക്കോട്.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.